(ജി) വിറ്റഴിയാതെ കിടക്കുന്ന വീടുകളും ഫ്ളാറ്റുകളും വില കുറച്ച് അലോട്ട്മെന്റ് നടത്തുന്നതിന് 16-6-2003-ലെ ജി.ഒ.(എം.എസ്.) 23/2003/ഭ.നിവ. പ്രകാരം നടപടികൾ സ്വീകരിച്ചു വരുന്നു. ഇതനുസരിച്ച് ബോർഡിൽ രജിസ്റ്റർ ചെയ്തവർക്കുള്ള അലോട്ടുമെന്റ് 15-7-2003 മുതലും പൊതുജനങ്ങൾക്കുള്ള തൽസമയ അലോട്ടുമെന്റുകൾ 1-8-2003 മുതലും നടത്തുന്നതിന് നടപടികൾ സ്വീകരിച്ചു കഴിഞ്ഞു.

(എച്ച്) ഫ്ളാറ്റുകൾക്ക് വിലയാധാരം നൽകി തുടങ്ങുന്നത് 6-11-2000-ത്തിലെ ബോർഡ് തീരുമാന പ്രകാരമാണ്. 1984-ലെ അപ്പാർട്ടുമെന്റ് ഓണർഷിപ്പ് ആക്ട്, 1994-ലെ കേരള അപ്പാർട്ടുമെന്റ് ഓണർഷിപ്പ് റൂൾസ് എന്നിവയും ഇതുസംബന്ധിച്ച വിലയാധാരം മുതലായ നടപടിക്രമങ്ങളും പൂർത്തിയാക്കിയശേഷം 2001 മുതലാണ് ഫ്ളാറ്റുകൾക്ക് വിലയാധാരം നൽകി തുടങ്ങിയത്. അലോട്ടുമെന്റ് നടത്തി പത്ത് വർഷം കഴിഞ്ഞിട്ടും വിലയാധാരം നൽകിയിട്ടില്ലാത്ത വീടുകളുടെയും ഫ്ളാറ്റുകളുടെയും വിവരം ശേഖരിച്ചു വരുന്നു.

(ഐ&ജെ) വീടുകളുടെയും. ഫ്ളാറ്റുകളുടെയും വില നിർണ്ണയത്തിൽ കാലോചിതമായ മാറ്റങ്ങൾ വരുത്തുവാനുള്ള വിഷയം പരിശോധിച്ചു വരുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വ്യക്തികൾക്ക് ഒന്നിലധികം വീടുകൾ കരസ്ഥമാക്കുന്നതിനുവേണ്ടി അലോട്ട്മെന്റ് നിയമത്തിൽ ഭേദഗതി വരുത്തുകയുണ്ടായി. കൂടാതെ അലോട്ട്മെന്റ് സംബന്ധിച്ച സ്റ്റാറ്റ്യൂട്ടറി അറിയിപ്പുകൾ പത്രദ്വാരാ നൽകുന്നതിന് നിയമ ഭേദഗതി വരുത്തുകയും ചെയ്തു. രജിസ്റ്റർ ചെയ്തവർക്കും തുടർന്ന് പൊതുജനങ്ങൾക്കും അലോട്ടുമെന്റിനുള്ള അവസരം ഇപ്പോൾ നൽകി വരുന്നുണ്ട്. കൂടാതെ കുറഞ്ഞ പലിശനിരക്കിൽ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും ഭവന വായ്പ ലഭ്യമാക്കുന്നതിനുള്ള ഒത്താശകളും ചെയ്തു വരുന്നുണ്ട്.

(കെ&എൽ) ബാങ്കുകളുമായും മറ്റു ധനകാര്യ സ്ഥാപനങ്ങളുമായും ഒരു തേർഡ് പാർട്ടി എഗ്രിമെന്റിന്റെ അടിസ്ഥാനത്തിൽ "ടൈ അപ്പ്"-ൽ ഏർപ്പെടാനും വായ്പാ സൗകര്യം ലഭ്യമാക്കാനും നടപടി സ്വീകരിച്ചിട്ടുണ്ട്.

(എം) നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

ദുർബല വിഭാഗങ്ങൾക്ക് ഭവന നിർമ്മാണത്തിനായിട്ടുള്ള പ്രത്യേക പദ്ധതി

40 (3599) ശ്രീ. വി. കെ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദുർബല വിഭാഗങ്ങൾക്ക് ഭവന നിർമ്മാണത്തിനായി ഒരു പ്രത്യേക പദ്ധതിക്ക് കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് രൂപം നല്കിയിരുന്നോ ;

(ബി) എങ്കിൽ പ്രസ്തുത പദ്ധതിയുടെ വിശദാംശം വെളിപ്പെടുത്തുമോ ;

(സി) ഈ പദ്ധതിയിൽപ്പെടുത്തി 2001-2002, 2002-2003 വർഷങ്ങളിൽ എന്തു തുക ഇതിൻപ്രകാരം ചെലവഴിച്ചു. ഗുണഭോക്താക്കളുടെ എണ്ണം എത്ര ;

(ഡി) പ്രസ്തുത പദ്ധതി നിലവിലുണ്ടോ ; ഉണ്ടെങ്കിൽ ഈ പദ്ധതിക്കായി നടപ്പ് സാമ്പത്തിക വർഷം എന്തു തുക വകകൊള്ളിച്ചിട്ടുണ്ട് എന്ന് പറയാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ദുർബല വിഭാഗങ്ങൾക്ക് ഭവന നിർമ്മാണത്തിനായി കഴിഞ്ഞ സർക്കാരിന്റെ കാലത്ത് മൈത്രി ഭവന പദ്ധതിക്ക് രൂപം നൽകിയിരുന്നു.

(ബി) പ്രതിമാസം 1800 രൂപ വരെ കുടുംബ വരുമാനമുള്ളവരും വാസ യോഗ്യമായ വിടില്ലാത്തവരും എന്നാൽ വീട് നിർമ്മിക്കുവാൻ അനുയോജ്യമായ ഭൂമിയുള്ളവരുമായ ആളുകൾക്കാണ് ഈ പദ്ധതിപ്രകാരം വായ്പ ലഭിക്കുന്നത്. ടി പദ്ധതി പ്രകാരം 30,000 രൂപ നിർമ്മാണ ചെലവ് പ്രതീക്ഷിക്കുന്ന വീടുകളുടെ നിർമ്മാണത്തിന് ബോർഡ് വായ്പയായി 19,000 രൂപയും സർക്കാർ സബ്സിഡിയായി 9000 രൂപയും നൽകുന്നു. കൂടാതെ 1000 രൂപ സന്നദ്ധസംഘടനാ വിഹിതവും 1000 രൂപ ഗുണഭോക്തൃവിഹിതവുമാണ്. വായ്പാ തുക 13.5% പലിശ നിരക്കിൽ 168 തുല്യ മാസതവണകളായി തിരിച്ചടക്കണം. തവണ തുക 254 രൂപയാണ്. എല്ലാ മാസവും 10-ാം തീയതിക്കു മുമ്പ് കൃത്യമായി തിരിച്ചടയ്ക്കുന്നവർക്ക് 8.5% പലിശ സബ്സിഡി അനുവദിക്കുന്നതാണ്. ഇപ്രകാരമുള്ള ഗുണഭോക്താക്കൾക്ക് തിരിച്ചടവ് നടത്തുവാൻ മാസം 158 രൂപ വീതം അടച്ചാൽ മതിയാകും. ഈ പദ്ധതിയിൽ തന്നെ 12500 രൂപ മുൻകൂറായി നിക്ഷേപിച്ചാൽ ഗുണഭോക്താവിനെ തിരിച്ചടവിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. ഈ പദ്ധതി പ്രകാരം 3.75 ലക്ഷം വീടുകൾക്കായി 712 കോടി രൂപ ബോർഡ് വായ്പയെടുത്തിരുന്നുവെങ്കിലും 2.30 ലക്ഷം വീടുകൾക്കായി 437 കോടി രൂപ മാത്രമേ ചെലവഴിച്ചുള്ളൂ. ബാക്കി 275 കോടി രൂപ ബോർഡ് വക മാറ്റി ചെലവഴിച്ചതിനാൽ 1.45 ലക്ഷം പേർക്ക് വായ്പ അനുവദിക്കുന്നതിന് കഴിഞ്ഞ സർക്കാരിന്റെ കാലത്ത് കഴിഞ്ഞിരുന്നില്ല.

(സി) മൈത്രി ഭവന പദ്ധതി പ്രകാരം 2001-2002-ൽ 15376 ഗുണഭോക്താക്കൾക്ക് വേണ്ടി 2932.96 ലക്ഷം രൂപയും 2002-2003-ൽ 8279 ഗുണഭോക്താക്കൾക്ക് വേണ്ടി 1140.65 ലക്ഷം രൂപയും വായ്പകളെ ആശ്രയിക്കാതെ സ്വന്തം വരവിൽ നിന്നും ബോർഡ് ചെലവഴിച്ചു.

(ഡി) മൈത്രീ ഭവന പദ്ധതി പ്രകാരം 30-6-2001-ന് മുമ്പ് ബോർഡുമായി കരാറിൽ ഏർപ്പെട്ട ഗുണഭോക്താക്കൾക്ക് മാത്രം സ്റ്റേജ് സർട്ടിഫിക്കറ്റ് ഹാജരാക്കുന്ന ക്രമത്തിൽ ധനസഹായം അനുവദിച്ചു വരുന്നു. ഈ പദ്ധതി പ്രകാരം പുതുതായി അപേക്ഷകൾ സ്വീകരിക്കുന്നില്ല. 2003-2004-ൽ ടി പദ്ധതിക്കായി 60 കോടി രൂപ സബ്സിഡി അഡ്ജസ്റ്റുമെന്റിനായി സംസ്ഥാന ബഡ്ജറ്റിൽ വകകൊള്ളിച്ചിട്ടുണ്ട്.

ലോകബാങ്ക് സഹായത്തോടെയുള്ള റോഡ് പുനർ നിർമ്മാണം

41 (3600) ശ്രീ. മത്തായി ചാക്കോ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ലോകബാങ്കിന്റെ സഹായത്തോടെ സംസ്ഥാനത്ത് റോഡ് പുനർനിർമ്മാണത്തിന് പദ്ധതി ആവിഷ്ക്കരിച്ച് നടപ്പാക്കുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly